(എ) സംസ്ഥാനത്തെ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് ഇപ്പോൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഗവൺമെന്റ് ഉയർത്തിയത് എന്നറിയിക്കുമോ;

(ബി) പുതുതായി പ്രഖ്യാപിച്ച കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഏതെല്ലാം നിലവിൽ ഫസ്റ്റ് റഫറൽ യൂണിറ്റാണ് എന്നറിയിക്കുമോ;

(സി) കൊല്ലം ജില്ലയിലെ ഒരു ഫസ്റ്റ് റഫറൽയൂണിറ്റായ കടയ്ക്കൽ ഗവൺമെന്റ് ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുകവഴി എന്തെല്ലാം അധികസൗകര്യങ്ങൾ ഈ ആശുപത്രിയിലുണ്ടാക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിൽ സർജനേയും ഗൈനക്കോളജിസ്റ്റിനേയും നിയമിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം പി.എച്ച്.സികളെ/ഗവൺമെന്റ് ആശുപത്രികളെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കടയ്ക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ചടയമംഗലം ബ്ലോക്ക്)

(സി) മെഡിക്കൽ, സർജറി, ഗൈനക്കോളജി, പീടിയാട്രിക്സ് തുടങ്ങിയ വിദഗ്ദ്ധ ഭിഷഗ്വരൻമാരുടെ സേവനം ലഭ്യമാക്കും.

(ഡി) 20.12.99ലെ ഇ.എ1-25/98/ഡി.എച്ച്.എസ് എന്ന ഉത്തരവ് പ്രകാരം ഒരു ഗൈനക്കോളജിസ്റ്റിനെ പ്രസ്തുത ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ഡോക്ടറുടെ ഒഴിവ് വരുന്ന മുറയ്ക്ക് സർജനെ നിയമിക്കുന്നതാണ്.

135 (1739) മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1973-ലെ കേന്ദ്ര സെൻട്രൽ കൗൺസിൽ ആക്ടിൽ നിർദ്ദേശിച്ച പ്രകാരം മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിന്റെ പരിധിയിൽ മലബാർ പ്രദേശത്തേയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര നിയമത്തിലെ വ്യവസ്ഥയനുസരിച്ച് കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്ന ഹോമിയോപ്പതി ഡോക്ടർമാരുടെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഉണ്ട്.

136 (1740) ലോകബാങ്ക് സഹായത്തോടുകൂടി ആരോഗ്യ പദ്ധതികൾ

ശ്രീ. പാലോട് രവി :
ശ്രീ. എ.കെ. മണി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് എന്തെങ്കിലും ആരോഗ്യപദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ലോകബാങ്കിന്റെ എന്തെല്ലാം സഹായമാണ് ഇതിന് ലഭിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് പ്രജനന ശിശു ആരോഗ്യപദ്ധതി. 117.03 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 1997 മുതൽ 2002 വരെ 5 വർഷക്കാലംകൊണ്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ 10.31 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രജനന ശിശു ആരോഗ്യ ഉപപദ്ധതി കോഴിക്കോട് നഗരപ്രദേശത്തും, 16.87 കോടി രൂപയുടെ മറ്റൊരു ഉപപദ്ധതി പാലക്കാട് ജില്ലയിലും നടപ്പാക്കിവരുന്നു.

(ബി) 1992-ൽ നടപ്പാക്കിത്തുടങ്ങിയ സുരക്ഷിത മാതൃത്വവും ശിശു അതിജീവനവും എന്ന ദേശീയ കുടുംബക്ഷേമ പരിപാടിയും അതിനോടനുബന്ധിച്ചുള്ള മറ്റു പരിപാടികളും സമന്വയിപ്പിച്ച് 94-ൽ ഐ.സി.പി.ഡി. (ഇന്റർനാഷണൽ കോൺഫറൻസ് ഓൺ പോപ്പുലേഷൻ ഡെവലപ്പ്മെന്റ്)യുടെ കെയ്റോയിൽ നടന്ന കോൺഫറൻസിൽ എടുത്ത തീരുമാനപ്രകാരം ആവിഷ്കരിച്ച ഒരു പരിപാടിയാണ് പ്രജനന ശിശു ആരോഗ്യ പദ്ധതി. '97 ഒക്ടോബർ മുതൽ ഇത് ഇൻഡ്യയിൽ നടപ്പാക്കിവരുന്നു. ലോകബാങ്കാണ് മുഖ്യമായും ധനസഹായം നൽകുന്നത്.

മാതൃശിശു മരണനിരക്ക് കുറയ്ക്കുക, മാതൃശിശു ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക, സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ പരിരക്ഷ ഉയർത്തുക മുതലായ ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ആരോഗ്യ സൂചികകളായ ജനന മരണ നിരക്കുകൾ (സ്ത്രീകളുടേയും കുട്ടികളുടേയും), ലോ ബർത്ത് വെയ്റ്റ്, ജനസംഖ്യാ നിയന്ത്രണം എന്നിവയെ അടിസ്ഥാനപ്പെടുത്തി ആരോഗ്യ പ്രവർത്തനരംഗത്ത് പിന്നോക്കം നിൽക്കുന്ന ജില്ലകൾക്കും പ്രദേശങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly